**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2091   17.02.2016 ൽ നൽകേണ്ടിയിരുന്ന മറുപടി**

## സർക്കാർ സ്ഥാപനങ്ങളിലെ സൗരോർജ്ജ പ്ലാന്റുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | | ശ്രീ. ആര്യാടൻ മുഹമ്മദ് (വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ സ്ഥാപനങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) & (സി) | സർക്കാർ സ്ഥാപനങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് സ്ഥാപനങ്ങളിൽ നിന്ന് അപേക്ഷ ലഭിയ്ക്കുന്ന മുറയ്ക്ക് അനെർട്ടിന്റെ മേൽനോട്ടത്തിൽ വിശദമായ പഠനം നടത്തി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>അനെർട്ട് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന 10000 സൗരഗൃഹ പദ്ധതിയിലും സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതിയിലും സർക്കാർ സ്ഥാപനങ്ങൾക്ക് സബ്സിഡിയോടുകൂടി പവർപ്ലാന്റുകൾ സ്ഥാപിക്കാവുന്നതാണ്. കൂടാതെ അനെർട്ടിന്റെ ഡെപ്പോസിറ്റ് സ്കീമുകളിൽ ഉൾപ്പെടുത്തിയും പ്രതിഷ്ഠാപനം നടത്താവുന്നതാണ്. ആവശ്യമായ അളവിൽ കെട്ടിടവും സ്ഥലസൗകര്യവുമുള്ള ജയിലുകളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. |
| (സി) | സർക്കാർ സ്ഥാപനങ്ങൾക്ക് ആവശ്യമായ അളവിൽ കെട്ടിടവും സ്ഥലവുമുണ്ടെങ്കിൽ അവിടെ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി ഉല്പാദനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | | |
| (ബി) | ഈ വിഷയത്തിൽ ജയിൽ വകുപ്പ് സ്വീകരിച്ച നടപടികൾ മൂലം എത്ര കിലോ വാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ; | (ബി) | ജയിൽ വകുപ്പിൽ പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡിൽ (2011-15) ഉൾപ്പെടുത്തി 45 ജയിലുകളിൽ ഓഫ്ഗ്രിഡ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. അതിൽ തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ സെൻട്രൽ പ്രിസണുകൾ, നെട്ടുകാൽത്തേരി തുറന്ന ജയിൽ, തിരുവനന്തപുരം, വിയ്യൂർ ജില്ലാ ജയിലുകൾ, തിരുവനന്തപുരം സ്പെഷ്യൽ സബ് ജയിൽ എന്നീ 7 സ്ഥാപനങ്ങളിൽ കെൽട്രോൺ മുഖേന **26.50** കോടി രൂപ ചെലവിൽ, **7.05** കോടി രൂപയുടെ MNRE സബ്സിഡിയോടുകൂടി 955.60 കിലോ വാട്ട് ശേഷിയുള്ള പ്ലാന്റും സോളാർ കുക്കിംഗ് സംവിധാനവും ഉൾപ്പെടെയുള്ള സൗരോർജ്ജ സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. അതോടൊപ്പം അനെർട്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയ 1 Kwp x |

10000 Roof Top Solar Power Plants എന്ന സ്കീമിൽ ഉൾപ്പെടുത്തി **1.04** കോടി രൂപ ചെലവിൽ 38 ജയിലുകളിലായി 1 മുതൽ 8 കിലോ വാട്ട് വരെ ശേഷിയുള്ള ആകെ 107 കിലോ വാട്ട് സൗരോർജ്ജ പ്ലാന്റുകളും സ്ഥാപിച്ചിട്ടുണ്ട്. അപ്രകാരം ആകെ **1062.60** കിലോവാട്ട് ശേഷിയുള്ള പ്ലാന്റ് 45 ജയിലുകളിലായി സ്ഥാപിച്ചിട്ടുണ്ട്.

2012 ഒക്ടോബർ മുതൽ 2015 ഡിസംബർ വരെയുള്ള കാലയളവിലാണ് പ്രസ്തുത പ്ലാന്റുകൾ കമ്മീഷൻ ചെയ്തിട്ടുള്ളത്. ഉത്പാദിപ്പിക്കപ്പെട്ട വൈദ്യുതിയുടെ വർഷം തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

| വർഷം | ഉത്പാദിപ്പിക്കപ്പെട്ട വൈദ്യുതി (യൂണിറ്റ്) |
|---|---|
| 2012 ഒക്ടോബർ മുതൽ 2014 മാർച്ച് വരെ | 3,54,208 |
| 2014-15 | 8,04,237 |
| 2015-16 | 8,17,832 |
| 2016-17 | 6,20,364 |
| 2017-18 | 4,18,754 |
| **ആകെ** | **30,15,395** |

പ്രസ്തുത ഓഫ്ഗ്രിഡ് പ്ലാന്റുകളുടെ ബാറ്ററി സംവിധാനത്തിന്റെ കാലാവധി 5 വർഷം ആയിരുന്നു. കാലാവധി കഴിഞ്ഞിട്ടുള്ളതിനാൽ പ്ലാന്റിൽ നിന്നുള്ള വൈദ്യുതോല്പാദനത്തിൽ കുറവ് വന്നിട്ടുണ്ട്. ബാറ്ററി മാറ്റുന്നതിന് വളരെയധികം ചെലവുള്ള കാര്യമായതിനാൽ ടി പ്ലാന്റുകൾ ഓൺഗ്രിഡിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**